MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.Cl/85/Law, dated 17th April 1985
NAAC GRADE A++

വാർത്താക്കുറിപ്പ്

2026 ഒക്ടോബർ 06

നാലുവർഷ ബിരുദം: റിവ്യൂ കമ്മറ്റി മഹാത്മാഗാന്ധി സർവകലാശാല സന്ദർശിച്ചു

കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നാലുവർഷ ബിരുദ പ്രോഗ്രാം റിവ്യൂ കമ്മറ്റി മഹാത്മാഗാന്ധി സർവകലാശാല സന്ദർശിച്ചു. പ്രോഗ്രാമിനെക്കുറിച്ച് വിശദമായ ചർച്ചയും സർവകലാശാലയിൽ സംഘടിപ്പിച്ചു.

ചൊവ്വാഴ്ച സെനറ്റ് ഹാളിൽ നടന്ന പരിപാടി വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു ഉദ്ഘാടനം ചെയ്തു. ഉന്നതവിദ്യാഭ്യാസരംഗത്ത് വലിയ മാറ്റം കൊണ്ടുവന്ന ദേശീയ വിദ്യാഭ്യാസ നയത്തിലെ നാലുവർഷ ബിരുദമടക്കമുള്ള പല സുപ്രധാന നയങ്ങളും കേരളം നടപ്പാക്കിയിട്ടുണ്ടെന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. പ്രൊഫ. അച്യുത്ശങ്കറിന്റെ നേതൃത്വത്തിലുള്ള പുതിയ ഉന്നതവിദ്യാഭ്യാസ കൗൺസിൽ, നടപടികൾ കൂടുതൽ ജനാധിപത്യവത്കരിച്ചതിന്റെ തെളിവാണ് ഇന്നത്തെ പരിപാടി. പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കണം. എന്തൊക്കെ മാറ്റങ്ങൾ നടപ്പായാലും വിദ്യാഭ്യാസത്തിന്റെ ആണിക്കല്ല് ഗുണമേന്മയാണ്. അതിൽ വിട്ടുവീഴ്ച ചെയ്താൽ മറ്റെന്ത് മുന്നോട്ടുവെച്ചാലും ഫലപ്രദമാവില്ല, അദ്ദേഹം കൂട്ടിച്ചേർത്തു.

മഹാത്മാഗാന്ധി സർവകലാശാലയിൽ നാലുവർഷ ബിരുദ പ്രോഗ്രാം സംബന്ധിച്ച വിഷയങ്ങൾ പരിഗണിക്കുന്നതിന് അഞ്ച് കമ്മറ്റികൾ പ്രവർത്തിക്കുന്നുണ്ടെന്ന് സിൻഡിക്കേറ്റ് അക്കാദമിക് അഫയേഴ്സ് സ്റ്റാന്റിങ് കമ്മറ്റി കൺവീനറായ പ്രൊഫ. (ഡോ.) ഐസൺ വി. വഞ്ചിപ്പുരയ്ക്കൽ പറഞ്ഞു.

റിവ്യൂ കമ്മറ്റി ചെയർപേഴ്സൺ പ്രൊഫ. (ഡോ.) ഗ്ലാഡ്സ്റ്റൺ രാജ് എസ്., കമ്മറ്റി അംഗങ്ങളായ പ്രൊഫ. (ഡോ.) രാജേഷ് കോമത്ത് ഡോ. ജിജി ജോർജ്, സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. തോമസ് കുരുവിള, പ്രൊഫ. (ഡോ.) പി.കെ. മോഹൻരാജ്, ഡോ. ജോബിൻ ചാമക്കാല, ഡോ. ആൽസൺ മാർട്ട്, ഡോ. ആതിരാ പ്രകാശ്, പ്രൊഫ. (ഡോ.) റോബിനറ്റ് ജേക്കബ്, ഡോ. ഷാവാസ് ഷെരീഫ് പി., ഡോ. റെജിമോൻ പി.കെ., രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസ്, പരീക്ഷാ കൺട്രോളറുടെ

ചുമതല വഹിക്കുന്ന പ്രൊഫസറായ ഡോ. സജ്ന ജലീൽ, ഫിനാൻസ് ഓഫീസർ ബിജു മാത്യു, റിസർച്ച് ഡയറക്ടർ പ്രൊഫ. (ഡോ.) ജയചന്ദ്രൻ കെ., ഗ്രാജുവേറ്റ് സ്കൂൾ ഡയറക്ടർ പ്രൊഫ. (ഡോ.) ബൈജു. കെ. ആർ., വിവിധ ഫാക്കൽറ്റികളുടെ ഡീൻമാർ, ബോർഡ് ഓഫ് സ്റ്റഡീസ് ചെയർപേഴ്സൺമാർ, എം.ജി.യു. യു.ജി.പി. മോണിറ്ററി/ഉപസമിതി അംഗങ്ങൾ, അധ്യാപകർ, സർവകലാശാലാ ജീവനക്കാർ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

നാലുവർഷ ബിരുദ പ്രോഗ്രാം സംബന്ധിച്ച അക്കാദമികവും ഭരണപരവും നയപരവുമായ വിഷയങ്ങൾ ചർച്ചയിൽ പ്രതിപാദിച്ചു. പാഠ്യപദ്ധതി ചട്ടക്കൂട്, ബോർഡ് ഓഫ് സ്റ്റഡീസ് പ്രവർത്തനങ്ങൾ, പാഠ്യപദ്ധതി പരിഷ്കരണങ്ങൾ, ക്രെഡിറ്റ് ഘടന, അധ്യാപകരുടെ വർക്ക്ലോഡ്, കോളജ് അഫിലിയേഷൻ, അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സ്, കോളജ് മാറ്റവും ക്രെഡിറ്റ് കൈമാറ്റവും, പരീക്ഷാനടത്തിപ്പ്, ചട്ടപരിഷ്കരണങ്ങൾ, സാമ്പത്തിക ക്രമീകരണങ്ങൾ, ചോദ്യബാങ്ക് സംവിധാനം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. റിവ്യൂ കമ്മറ്റി വിവിധ സർവകലാശാലകളും കോളേജുകളും സന്ദർശിക്കുകയും അഭിപ്രായങ്ങൾ ക്രോഡീരിക്കുകയും ചെയ്തുവരുന്നു.

ഫോട്ടോ ക്യാപ്ഷൻ: പരിപാടി വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്യുന്നു.

പി.ആർ.ഒ/892/2026

പി. എൻ. ഗോപീകൃഷ്ണന്റെ "ഗാന്ധിയുടെ അവസാനത്തെ യാത്ര" പ്രദർശനം മഹാത്മാഗാന്ധി സർവകലാശാലയിൽ

നവഖാലി മുതൽ ഗാന്ധിവധം വരെയുള്ള മഹാത്മാഗാന്ധിയുടെ ജീവിതത്തിലെ അവസാന കാലഘട്ടത്തിലെ സംഭവങ്ങളെ ഒപ്പിയെടുത്ത് പ്രശസ്ത എഴുത്തുകാരൻ പി എൻ ഗോപീകൃഷ്ണൻ തയ്യാറാക്കിയ ക്യൂറേറ്റഡ് ഷോ മഹാത്മാഗാന്ധി സർവകലാശാലയിൽ അവതരിപ്പിച്ചു. ഗാന്ധിജയന്തി ആഘോഷങ്ങളുടെ ഭാഗമായി സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസിൽ നടന്ന പരിപാടിയിലായിരുന്നു അവതരണം. സ്വാതന്ത്ര്യ സമരത്തിന്റെ അവസാന നാളുകളിൽ നവഖാലി, ബീഹാർ, കൽക്കട്ട, വടക്കുപടിഞ്ഞാറൻ പ്രവിശ്യ തുടങ്ങിയ പ്രദേശങ്ങളിൽ വർഗ്ഗീയകലാപങ്ങൾ ശമിപ്പിക്കുന്നതിനായി ഗാന്ധജിയുടെ ഇടപെടലുകൾ കാണിക്കുന്ന ഫോട്ടോകളോടൊപ്പം ഗാന്ധിവധത്തോടനുബന്ധിച്ചു നടന്ന സംഭവങ്ങളും കൂട്ടിച്ചേർത്തായിരുന്നു പ്രദർശനം. ലോകത്തെ സ്വാതന്ത്ര്യസമര നേതാക്കളിൽ അധികാരസ്ഥാനത്തേക്കെത്താതെ അവസാന നാളുകൾ വരെ രാജ്യത്തിൻറെ ഐക്യത്തിനും സമാധാനത്തിനും വേണ്ടി നിലകൊണ്ട അതുല്യ നേതാവായിരുന്നു ഗാന്ധിജിയെന്ന് ഗോപീകൃഷ്ണൻ അനുസ്മരിച്ചു.

ഉച്ചക്ക് ശേഷം പി. അജിത് കുമാർ സംവിധാനം ചെയ്ത 'ജലമുദ്ര' എന്ന ഡോക്യുമെന്ററിയുടെ പ്രദർശനവും ചർച്ചയും നടന്നു. വകുപ്പ് മേധാവി പ്രൊഫ. (ഡോ.) നൗഷാദ് പി. പി., പ്രൊഫ. (ഡോ.) എം. എച്ച്. ഇലിയാസ്, ഫാ. (ഡോ.) കെ. എം. ജോർജ്, ഡോ. രാജേഷ് മാണി, ഡോ. അമൽ പി, മനസ് ജ്യോതി തുടങ്ങിയവരോടൊപ്പം സർവകലാശാലാ വിദ്യാർത്ഥികളും പരിപാടിയിൽ സംബന്ധിച്ചു.

ഫോട്ടോ ക്യാപ്ഷൻ: പി എൻ ഗോപീകൃഷ്ണൻ ക്യൂറേറ്റഡ് ഷോ അവതരിപ്പിക്കുന്നു.

പി.ആർ.ഒ/893/2026

പരീക്ഷാഫലം

രണ്ടാം സെമസ്റ്റർ (പിജിസിഎസ്എസ്) എം എ പൊളിറ്റിക്കൽ സയൻസ്, എം എ ഹിസ്റ്ററി, എം എ ഡെവലപ്മെന്റ് എക്കണോമിക്സ്, എം എ എക്കണോമെട്രിക്സ്, എം എസ് സി മാത്തമാറ്റിക്സ്, എം എസ് സി എൺവയോൺമെന്റ് സയൻസ് ആൻഡ് മാനേജ്മെന്റ്, എം എസ് സി ക്ലിനിക്കൽ ന്യൂട്രിഷൻ ആൻഡ് ഡയറ്ററ്റിക്സ്, എം എസ് സി കമ്പ്യൂട്ടർ സയൻസ് (ഡാറ്റാ അനലിറ്റിക്സ്), എം കോം (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഒക്ടോബർ 19 വരെ ഓൺലൈനായി അപേക്ഷിക്കാം.

-----------

രണ്ടാം സെമസ്റ്റർ (പിജിസിഎസ്എസ്) എം എസ് സി സുവോളജി, എം എസ് സി ബയോടെക്നോളജി, (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഒക്ടോബർ 15 വരെ ഓൺലൈനായി അപേക്ഷിക്കാം.

-----------

രണ്ടാം സെമസ്റ്റർ (പിജിസിഎസ്എസ്) എം എസ് സി ബയോസ്റ്റാറ്റിസ്റ്റിക്സ് (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഒക്ടോബർ 15 വരെ ഓൺലൈനായി അപേക്ഷിക്കാം.

-----------

രണ്ടാം സെമസ്റ്റർ (പിജിസിഎസ്എസ്) എം എ മലയാളം, എം എ സിറിയക്, എം എസ് സി ഡാറ്റാ അനലറ്റിക്സ്, എം എസ് സി കെമിസ്ട്രി, എം എസ് സി അനലറ്റിക്കൽ കെമിസ്ട്രി, എം എസ് സി പോളിമർ കെമിസ്ട്രി, എം എസ് സി ഇൻഡസ്ട്രിയൽ കെമിസ്ട്രി, എം എസ്

സി അപ്ലൈഡ് കെമിസ്ട്രി, മാസ്റ്റർ ഓഫ് കൊമേഴ്സ് ആൻഡ് മാനേജ്മെന്റ്, എം എസ് സി കമ്പ്യൂട്ടർ സയൻസ് (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഒക്ടോബർ 22 വരെ ഓൺലൈനായി അപേക്ഷിക്കാം.

-----------

നാലാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എം എ ഹിന്ദി, എം എ പൊളിറ്റിക്കൽ സയൻസ്, എം എ അറബിക് (2024 അഡ്മിഷൻ റഗുലർ, 2019-2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഒക്ടോബർ 22 വരെ ഓൺലൈനായി അപേക്ഷിക്കാം.

പി.ആർ.ഒ/894/2026

പ രീക്ഷ യ്ക്ക് അ പേ ക്ഷിക്കാം

അഞ്ചാം സെമസ്റ്റർ സിബിസിഎസ് (2020-2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017-2019 അഡ്മിഷനുകൾ മെഴ്സി ചാൻസ്), അഞ്ചാം സെമസ്റ്റർ സിബിസിഎസ് ബി എസ് സി സൈബർ ഫോറൻസിക് (2020-2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017-2019 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഒക്ടോബർ 2026 പരിക്ഷയ്ക്ക് ഒക്ടോബർ 15 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 16 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 22 വരെയും അപേക്ഷ സ്വീകരിക്കും.

-----------

അഞ്ചാം സെമസ്റ്റർ ഐ എം സി എ (2024 അഡ്മിഷൻ റഗുലർ, 2020-2023 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ഒക്ടോബർ 2026 പരിക്ഷയ്ക്ക് ഒക്ടോബർ 22 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 23 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 26 വരെയും അപേക്ഷ സ്വീകരിക്കും.

-----------

അഞ്ചാം സെമസ്റ്റർ ബി എ, ബി കോം പ്രൈവറ്റ് രജിസ്ട്രേഷൻ (സിബിസിഎസ്) (2024 അഡ്മിഷൻ റഗുലർ, 2020-2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ഒക്ടോബർ 2026 പരിക്ഷയ്ക്ക് ഒക്ടോബർ 15 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 16 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 22 വരെയും അപേക്ഷ സ്വീകരിക്കും.

-----------

അഞ്ചാം സെമസ്റ്റർ ബി വോക് പുതിയ സ്കീം (2024 അഡ്മിഷൻ റഗുലർ, 2020-2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ഒക്ടോബർ 2026 പരിക്ഷയ്ക്ക് ഒക്ടോബർ 13 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 15 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 22 വരെയും അപേക്ഷ സ്വീകരിക്കും.

-----------

ആറാം സെമസ്റ്റർ ബി എച് എം പുതിയ സ്കീം (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020- 2022 അഡ്മിഷൻ സപ്ലിമെന്ററി) ഒക്ടോബർ 2026 പരീക്ഷകൾ സെപ്റ്റംബർ 4 മുതൽ നടക്കും. ഒക്ടോബർ 14 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 15 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 16 വരെയും അപേക്ഷ സ്വീകരിക്കും.

-----------

എഴാം സെമസ്റ്റർ ബി എച് എം പുതിയ സ്കീം (2023 അഡ്മിഷൻ റഗുലർ, 2020- 2022 അഡ്മിഷൻ സപ്ലിമെന്ററി) ഒക്ടോബർ 2026 പരീക്ഷകൾ സെപ്റ്റംബർ 3 മുതൽ നടക്കും. ഒക്ടോബർ 14 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 15 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 16 വരെയും അപേക്ഷ സ്വീകരിക്കും.

-----------

അഫിലിയേറ്റഡ് കോളേജുകളിലേയും സിപാസിലേയും മൂന്നാം സെമസ്റ്റർ ബി എഡ് (ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ-2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2023 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2022 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2021 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷകൾ നവംബർ 11 മുതൽ നടക്കും. ഒക്ടോബർ 22 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 23 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 26 വരെയും അപേക്ഷ സ്വീകരിക്കും.

പി.ആർ.ഒ/895/2026

പരീക്ഷാതീയതി

മൂന്നാം സെമസ്റ്റർ ഐ എം സി എ (2025 അഡ്മിഷൻ റഗുലർ, 2020-2024 അഡ്മിഷനുകൾ സപ്ലിമെന്ററി) ഒക്ടോബർ 2026 പരീക്ഷകൾ ഒക്ടോബർ 26 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

-----------

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ ത്രിവത്സര യുണിറ്ററി എൽ എൽ ബി (2024 അഡ്മിഷൻ റഗുലർ, 2020-2023 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ

ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ് ) പരീക്ഷകൾ ഒക്ടോബർ 16 മുതൽ നടക്കും.

പി.ആർ.ഒ/896/2026

പബ്ലിക് റിലേഷൻസ് ഓഫീസർ




